# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *272 — 23.03.2015-ൽ മറുപടിയ്ക്ക്

### സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

**ചോദ്യം**

ശ്രീ.ജി. സുധാകരൻ
" പി.ശ്രീരാമകൃഷ്ണൻ
" പുരുഷൻ കടലുണ്ടി
" എം. ഹംസ

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും, പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ക്ഷേമനിധി ബോർഡിൽ നിന്നും നൽകി വരുന്ന പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ കടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (ബി) | 2014 ഒക്ടോബർ മാസംവരെ ക്ഷേമനിധി പെൻഷൻ കൃത്യമായി വിതരണം ചെയ്തിരുന്നു. 1470 പേർക്കാണ് ടി മാസം പെൻഷൻ വിതരണം ചെയ്തിരുന്നത്. ഇതിനായി 14,70,000/- രൂപയാണ് പ്രതിമാസം ചെലവുവരുന്നത്. ക്ഷേമനിധിയിൽ നീക്കിയിരിപ്പില്ലാത്തതിനാൽ 2014 നവംബർ മാസം മുതൽ ഇത്രയുംപേർക്ക് പെൻഷൻ കടിശ്ശികയാണ്. |
| (സി) | പെൻഷൻ ഫണ്ടിന്റെ വരുമാനസ്രോതസ്സ് ഏതെല്ലാം; ഇതിൽ ഏതെങ്കിലും വരുമാന സ്രോതസ്സ് നിലച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) | 2010 - ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ വരവുവക്കേണ്ട ഫണ്ടിനങ്ങൾ ഏതൊക്കെ യാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധം(1)-ൽ ചേർത്തിട്ടുണ്ട്.<br>ഇവകൂടെ പുറമേ ആക്ടിലെ 6-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം, ഓരോ വർഷവും അംഗങ്ങ ളിൽ നിന്നും ലഭിക്കുന്ന മൊത്തം അംശദായത്തിന്റെ രണ്ടു ശതമാനത്തിനു തുല്യമായ തുക സർക്കാർ ഗ്രാന്റായി ലഭിക്കുന്നതിനും വ്യവസ്ഥയുണ്ട്. |

| | | | |
|---|---|---|---|
| | | | മേൽ പരാമർശിക്കപ്പെട്ട ഫണ്ടിനങ്ങളിൽ അംഗങ്ങളിൽനിന്നും ലഭിക്കുന്ന രജിസ്ട്രേഷൻ ഫീ, അംശദായം, സിനിമാ പ്രേക്ഷകരിൽ നിന്നും പിരിച്ചെടുക്കുന്ന സെസ്സ് എന്നിവയാണ് ലഭിച്ചു വന്നിരുന്നത്. കൂടാതെ സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞുകിട്ടിയ തുകയുടെ അറ്റാദായത്തിൽനിന്നും 1,41,40,000/- രൂപ സർക്കാർ ക്ഷേമനിധി ബോർഡിന് കൈമാറിയിരുന്നു. 2014 ഒക്ടോബർ മാസംവരെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയും മറ്റു ചെലവുകൾക്കുമായി ഇത്തരത്തിൽ ലഭിച്ചിട്ടുള്ള ഫണ്ട് പൂർണ്ണമായി വിനിയോഗിച്ചുകഴിഞ്ഞു. സെസ്സ് പിരിവിനെതിരെ ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷനും മറ്റുചില കക്ഷികളും ഫയൽചെയ്ത WP (C) 4195/2013-ലും ബന്ധപ്പെട്ട കേസുകളിലും ഉണ്ടായ താൽക്കാലിക വിധിയെതുടർന്ന് സെസ്സ് പിരിവ് നിലച്ചിരിക്കുകയാണ്. ഇത്തരത്തിൽ മുമ്പ് ഉണ്ടായിരുന്ന തുക വിതരണം ചെയ്ത് തീർന്നതിനാലും ബോർഡിന്റെ വരുമാനം നിലച്ചിരിക്കുന്നതിനാലും പെൻഷൻ നൽകാൻ നിർവ്വാഹമില്ലാത്ത അവസ്ഥ യുണ്ടായിരുന്നു. |
| (ഡി) | ഇതുമൂലം എന്തെങ്കിലും പ്രതിസന്ധി ഉടലെടുത്തിട്ടുണ്ടോ;ഇതിന് പരിഹാരം കാണാൻ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കുമോ ? | (ഡി) | ഉണ്ട്. സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് നിലവിൽ അഭിമുഖീകരിച്ചുവരുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി ബോർഡിന്റെ ഭരണപരമായി ചിലവുകൾക്കായി 20/1/15 തീയതിയിലെ സ.ഉ.(സാധാ) 29/15/ സിഎഡി പ്രകാരം 6/- ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്, കൂടാതെ 9.3.2015-ലെ ജി.ഒ(ആർ.ടി) 104/15/സിഎഡി ഉത്തരവ്വ പ്രകാരം രണ്ടുകോടി രൂപ സിനിമാ സെസ്സ് |

| | | | |
|---|---|---|---|
| | | | പിരിവ് ആരംഭിക്കുമ്പോൾ ആ വരുമാനത്തിൽനിന്നും സർക്കാരിലേക്ക് തിരിച്ച് അടയ്ക്കണമെന്ന വ്യവസ്ഥയിൽ, അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1



(2) പദ്ധതിയുടെയോ പദ്ധതികളുടെയോ കീഴിലുള്ള നിധിയിൽ ഇനി പറയുന്നവ വരവു വയ്ക്കേണ്ടതാണ്, അതായത് :—

(i) 6-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള അംശദായങ്ങൾ ;

(ii) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശ സ്ഥാപനങ്ങളോ മറ്റ് സർക്കാരിതര സ്ഥാപനങ്ങളോ സംഘടനകളോ വ്യക്തികളോ നൽകുന്ന ഗ്രാന്റുകളും വായ്പകളും മുൻകൂറുകളും സംഭാവനകളും ;

(iii) സംസ്ഥാന ലോട്ടറി വകുപ്പുമായി ചേർന്ന് നടത്തിയ ലോട്ടറി മുഖേന ശേഖരിച്ച ഫണ്ട് ;

(iv) 14-ാം വകുപ്പ് പ്രകാരം ബോർഡ് കടം വാങ്ങിയ തുക ;

(v) ബോർഡ് നടത്തിയ ഏതെങ്കിലും നിക്ഷേപത്തിന്റെയോ ഓഹരിയുടെയോ ലാഭമോ പലിശയോ ലാഭവിഹിതമോ ;

(vi) ആക്റ്റോ ചട്ടങ്ങളോ പദ്ധതിയോ പ്രകാരം ബോർഡ് സമാഹരിച്ച ഏതെങ്കിലും ഫീസ് ;

(vii) നിധിയിലെ തുക വർദ്ധിപ്പിക്കുന്നതിനായി ബോർഡ് മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നും സമാഹരിച്ച ഏതെങ്കിലും തുക ;

(viii) ഇരുപത്തിയഞ്ച് രൂപയിൽ കവിയുന്ന സിനിമാടിക്കറ്റ് വിലയിൽ നിന്ന് ബോർഡ് സമാഹരിച്ച തുക ;

(ix) 18-ാം വകുപ്പ് പ്രകാരം ഈടാക്കിയ കുടിശ്ശിക തുക ;

(x) നിധിശേഖരണത്തിനായി നടത്തുന്ന കലാ സാംസ്കാരിക പരിപാടികളിലൂടെ സ്വരൂപിക്കുന്ന തുക ;

(xi) ഒരു രൂപ പ്രകാരം ഡി. റ്റി. എച്ച്. കേബിൾ വരിക്കാരിൽ നിന്നും ശേഖരിക്കുന്ന തുക ;

(xii) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ഫണ്ടിലേക്ക് വരവ് വയ്ക്കേണ്ടതായ മറ്റേതെങ്കിലും തുക.

(3) നിധി ബോർഡിൽ നിക്ഷിപ്തമായിരിക്കേണ്ടതും അതിന്റെ ഭരണം ബോർഡ് ആക്റ്റിലെയോ ചട്ടങ്ങളിലെയോ പദ്ധതിയിലെയോ വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തേണ്ടതുമാണ്.

(4) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്ക്കരിച്ചിട്ടുള്ള ക്ഷേമ പദ്ധതികളുടെ നടത്തിപ്പിനായി, പ്രത്യേകിച്ചും ഇനി പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഫണ്ട് ഉപയോഗിക്കേണ്ടതാണ്, അതായത് :—

(എ) അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളതും 7-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം അംഗത്വം നേടിയിട്ടുള്ള ഏതൊരാളിനും പെൻഷൻ നൽകുന്നതിന് ;

(ബി) അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളതും അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിലേക്ക് തുടർച്ചയായോ ഒറ്റത്തവണയായോ അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള മുഴുവൻ ആനുകൂല്യങ്ങൾ നൽകുന്നതിന്;

Section Officer